# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5809

02.07.2014 ലെ മറുപടിക്ക്

### ആയുർവേദ ചികിത്സാ ടൂറിസം

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. എം.എ. വാഹീദ്
ശ്രീ. അൻവർ സാദത്ത്
ശ്രീ. കെ. ശിവദാസൻ നായർ

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ, ആയുർവേദ ചികിൽസാ കേന്ദ്രമാക്കാൻ വിനോദ സഞ്ചാര വകുപ്പ് എന്തെല്ലാം ഒരുക്കങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി ക്ലാസിഫിക്കേഷൻ സ്കീം നടപ്പാക്കി വരുന്നുണ്ട്. ക്ലാസിഫിക്കേഷൻ ലഭിച്ച ആയുർവേദ കേന്ദ്രങ്ങൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിക്കൽ സബ്സിഡി എന്നിവ അനുവദിച്ചുവരുന്നു. രാജ്യ- ത്തിനകത്തും പുറത്തും സംഘടിപ്പിക്ക പ്പെടുന്ന ടൂറിസം മേളകളിലൂടെ ആയുർവേദ ചികിത്സയുടെയും പരിചരണ ത്തിന്റെയും പ്രചാരണത്തിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ആയുർവേദം കൂടുതൽ പ്രചരിപ്പിക്കുന്ന തിന്റെ ഭാഗമായി കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralatourism.org) ആയുർവേദത്തെ അടിസ്ഥാനമാക്കിയുള്ള ക്വിസ് മത്സരം തുടങ്ങി വിവിധ പരിപാടികൾ ഉൾപ്പെടുത്തി വരുന്നു. ആയുർവേദ ടൂറിസത്തിന്റെ പ്രധാന അന്താരാഷ്ട്ര വിപണിയായ ജർമ്മനിയിൽ ജർമ്മൻ ഭാഷയിൽ ഒരു ഫേസ്ബുക്ക് പേജ് വികസിപ്പിച്ച് പ്രചരണം നടത്തി വരുന്നു. കഴിഞ്ഞ വർഷം ജർമ്മനിയിൽ നടന്ന രണ്ടു പ്രധാനപ്പെട്ട ആയുർ-സൗഖ്യ ഫെയറുകളിലും ടൂറിസം വകുപ്പ് പങ്കെടുക്കുകയുണ്ടായി. ആയുർവേദ പ്രചാരണാർത്ഥമുള്ള വിവിധ ഡി.വി.ഡികൾ, ബ്രോഷറുകൾ, പുസ്തക ങ്ങൾ എന്നിവയും ടൂറിസം വകുപ്പ് തയ്യാറാക്കി വിതരണം ചെയ്തു വരുന്നു.

(..........2)

| | | | |
|---|---|---|---|
| ബി) | ലോക പൈതൃക കേന്ദ്രമായി യുനെസ്കോ അംഗീകരിച്ച പശ്ചിമ ഘട്ടത്തെ മുൻനിർത്തി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | യുനെസ്കൊ ലോക പൈതൃക കേന്ദ്രമായി അംഗീകരിച്ച പശ്ചിമ ഘട്ടത്തിന്റെ പ്രാധാന്യവും വിപണന സാധ്യതയും കണക്കിലെടുത്ത് പ്രധാനപ്പെട്ട ടൂറിസം ട്രേഡ് ഫെയറുകളിൽ പശ്ചിമഘട്ടത്തെ ആധാരമാക്കി രൂപകല്പന ചെയ്ത പവലിയനുകൾ അവതരിപ്പിച്ചുവരുന്നുണ്ട്. അടുത്തിടെ നടന്ന കേരളാ ട്രാവൽ മാർട്ട്, ലണ്ടനിൽ നടന്ന വേൾഡ് ട്രാവൽ മാർക്കറ്റ് എന്നിവിടങ്ങളിൽ പശ്ചിമഘട്ടം ആസ്പദമാക്കിയാണ് പവലിയൻ ഒരുക്കിയത്. |
| സി) | ഇതിനായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; | സി) യും ഡി) യും | ടൂറിസം വകുപ്പ് പങ്കെടുക്കുന്ന വിവിധ ട്രാവൽ മാർട്ടുകളിലും, ഫെയറുകളിലും ഈ രംഗത്തെ വിവിധ സ്ഥാപനങ്ങൾ പങ്കെടുക്കാറുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ ഈ പ്രചാരണ പരിപാടികളിൽ പങ്കാളികളാവുന്നുണ്ട്. |
| ഡി) | ആയുർവ്വേദ രംഗത്തെ തൊഴിലാളികളെ പ്രചാരണ പരിപാടികളിൽ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | | |

സെക്ഷൻ ഓഫീസർ